# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1022 — 05.03.2018-ൽ മറുപടിക്ക്

## ഐ.ഇ.ഡി.എസ്.എസ്. സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വിൻസെന്റ് | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഐ.ഇ.ഡി. എസ്.എസ്.സ്കീം പ്രകാരമുള്ള റിസോഴ്സ് ടീച്ചർമാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര തുക കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ; | എ) ഐ.ഇ.ഡി.എസ്. എസ് സ്കീം പ്രകാരമുള്ള റിസോഴ്സ് ടീച്ചർമാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം. 3622.37 ലക്ഷം രൂപ (മുപ്പത്തിയാറ് കോടി ഇരുപത്തി രണ്ട് ലക്ഷത്തി മുപ്പത്തി ഏഴ് ആയിരം രൂപ) യുടെ ബഡ്ജറ്റിന് കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ അംഗീകാരം നൽകിയിട്ടുണ്ട്. നാളിതുവരെ ആദ്യഗഡുവായി ലഭിച്ച 506.75 ലക്ഷം രൂപ (അഞ്ച് കോടി ആറ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ ) യിൽ കേന്ദ്ര വിഹിതം 304.05 (മൂന്ന് കോടി നാല് ലക്ഷത്തി അയ്യായിരം )രൂപയാണ്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിച്ച 659.13 ലക്ഷം രൂപ (ആറ് കോടി അൻപത്തിഒൻപത് ലക്ഷത്തി പതിമൂവായിരം രൂപ) ഈ വർഷമാണ് ലഭ്യമായത്. |
| ബി) ഇപ്രകാരം ലഭിച്ച തുകയിൽ നാളിതുവരെ എത്ര രൂപ ശമ്പളമായി റിസോഴ്സ് ടീച്ചർമാർക്ക് നൽകിയിട്ടുണ്ട് | ബി) റിസോഴ്സ് അദ്ധ്യാപകർക്ക് ശമ്പളമായി ആർ.എം.എസ്.എ മുഖേന 12,39,11,415 രൂപ (പന്ത്രണ്ട് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി പതിനൊന്നായിരത്തി നാന്നൂറ്റി പതിനഞ്ച് രൂപ മാത്രം) നൽകി യിട്ടുണ്ട്. |
| സി) 2017 ഏപ്രിൽ മാസം മുതൽ നിയമന ഉത്തരവ് നൽകിയെങ്കിലും 2017 ഏപ്രിൽ, മെയ്, ഡിസംബർ മാസങ്ങളിലെയും 2018 ജനുവരി മാസത്തെയും ശമ്പളം നാളിതുവരെ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നൽകാൻ അവശേഷിക്കുന്ന നാല് മാസത്തെ ശമ്പളം അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | സി) ഉണ്ട് , റിസോഴ്സ് അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനായി ഫണ്ട് അനുവദിക്കണമെന്ന വിഷയം ആർ.എം.എസ്.എ. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ